പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ കാര്യാലയം
നന്ദാവനം, വികാസ് ഭവൻ പി.ഒ, തിരുവനന്തപുരം-695033
☎ : 0471 2737324
✉ : egrantzscdd@gmail.com

പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ നടപടി ഉത്തരവ്

**(Present: Sreedhanya Suresh IAS)**

**No: SCDD/2821/2024-B3 (EDN B)** **Date:06-11-2024**

| | |
|---|---|
| വിഷയം:- | പട്ടികജാതി വികസനം- ശ്രീ അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് & ഡവലപ്മെന്റ് സ്കീം- 2024-25 വർഷം നടപ്പാക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു |
| പരാമർശം:- | സ. ഉ (കൈ) നം. 11/2024/SCSTD തീയതി 01/06/2024 |

***

പഠന പാഠ്യേതര പ്രവർത്തനങ്ങളിൽ തൽപ്പരരായവരും എന്നാൽ കുടുംബപരമായും സാമ്പത്തികമായുമുള്ള പിന്നാക്കാവസ്ഥ കാരണം മികവ് പ്രകടിപ്പിക്കുവാൻ കഴിയാത്തവരുമായ പട്ടികജാതി വിദ്യാർഥികൾക്ക് പഠന പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനാവശ്യമായ സഹായം നൽകുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച ശ്രീ അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് & ഡവലപ്മന്റ് സ്കീമിന്റെ വ്യവസ്ഥകളും നിരക്കുകളും പരിഷ്കരിച്ചു കൊണ്ട് പരാമർശം പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിലെ വ്യവസ്ഥകൾക്കും നിബന്ധനകൾക്കും വിധേയമായി 2024-25 വർഷം ശ്രീ അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് & ഡവലപ്മന്റ് സ്കീമിലേക്ക് പുതുതായി വിദ്യാർഥികളെ തെരഞ്ഞെടുക്കുന്നതിനും മുൻ വർഷം തെരഞ്ഞെടുക്കപ്പെട്ടവർക്ക് അർഹതയുടെ അടിസ്ഥാനത്തിൽ തുടർ ആനുകൂല്യം നൽകുന്നതിനും അനുമതി നൽകി ഉത്തരവാകുന്നു.

<u>A. പൊതു മാർഗ നിർദേശങ്ങൾ</u>

പരാമർശ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 2024-25 വർഷം മുതൽ ശ്രീ അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് & ഡവലപ്മന്റ് സ്കീം CATEGORY-I (UP), CATEGORY-II (HS) എന്നിങ്ങനെ രണ്ടു വിഭാഗമായിട്ടാണ് നടപ്പിലാക്കുന്നത്. പദ്ധതിയുടെ ടാർഗറ്റ് 6500 ആയിരിക്കും. ഓരോ വർഷവും CATEGORY-I (UP), CATEGORY-II (HS) എന്നീ വിഭാഗങ്ങളിൽ നിന്നും പുറത്തു പോകുന്ന വിദ്യാർഥികളുടെ അത്രയും എണ്ണം ഒഴിവിലേക്കായിരിക്കും സെലക്ഷൻ നടത്തുന്നത്.

<u>B. റിന്യൂവൽ അപേക്ഷകൾ</u>

(1) 2024-25 വർഷത്തെ റിന്യൂവലിനായി 2023-24 വർഷത്തെ ഡേറ്റ SCDO ലോഗിനിൽ ലഭ്യമാക്കുന്നതും പദ്ധതി മാനദണ്ഡ പ്രകാരം തുടരുവാൻ അർഹതയില്ലാത്തവരെയും കാലാവധി കഴിഞ്ഞവരെയും അതാത് SCDO മാർ ആവശ്യമായ വിവരങ്ങളും രേഖകളും പരിശോധിച്ച് ഉറപ്പ് വരുത്തി അപ്രൂവൽ/ റിമൂവൽ ചെയ്യേണ്ടതുമാണ്. റിന്യൂവൽ ഡേറ്റാ എൻട്രി ഈ ഉത്തരവിന്റെ ഖണ്ഡിക D യിൽ പരാമർശിക്കുന്ന സമയക്രമത്തിനു വിധേയമായി പൂർത്തിയാക്കണം.

(2) 2023-24 വർഷം ഏഴാം ക്ലാസിലായിരുന്നവർ റിന്യൂവലിന് അർഹരല്ല. ഇവർ 2024-25 വർഷം പദ്ധതിയിൽ തുടരുവാൻ ഫ്രഷ് അപേക്ഷ നൽകണം. ഇവരെ റിന്യൂവൽ ഓപ്ഷനിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്

(3) 2023-24 വർഷം പത്താം ക്ലാസിലായിരുന്നവർ റിന്യൂവലിന് അർഹരല്ല. ഇവരെയും റിന്യൂവൽ ഓപ്ഷനിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്

(4) ശേഷിക്കുന്ന അപേക്ഷകരിൽ നിന്നും രേഖകൾ പരിശോധിച്ച് റിന്യൂവൽ അർഹത ഉറപ്പ് വരുത്തിയവരുടെ വിവരങ്ങൾ മാത്രമേ സൈറ്റിൽ എന്റർ ചെയ്യാൻ പാടുള്ളൂ. ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധ പുലർത്തണം. ഒരിക്കൽ രേഖപ്പെടുത്തിയ വിവരങ്ങൾ നീക്കം ചെയ്യാനുള്ള അപേക്ഷകൾ പരിഗണിക്കില്ല.

<u>C. ഫ്രഷ് അപേക്ഷകൾ</u>

(1) ഈ ഉത്തരവിന്റെ അനുബന്ധമായി നൽകുന്ന മാതൃകയിലുള്ള ഫോമിൽ അപേക്ഷകളും അനുബന്ധ രേഖകളും സ്കൂളിൽ നിന്നുള്ള സാക്ഷ്യപത്രം സഹിതം ഈ ഉത്തരവിന്റെ ഖണ്ഡിക D യിൽ പരാമർശിക്കുന്ന സമയക്രമത്തിനു വിധേയമായി ബന്ധപ്പെട്ട SCDO ഓഫീസുകളിൽ സ്വീകരിക്കേണ്ടതാണ്. 2024-25 വർഷം 5, 8 ക്ലാസുകളിൽ പഠിക്കുന്നവർക്കാണ് യഥാക്രമം UP, HS വിഭാഗങ്ങളിലേക്ക് അപേക്ഷിക്കാൻ കഴിയുന്നത്. അപേക്ഷകർക്ക് 4, 7 ക്ലാസുകളിലെ വാർഷിക പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും A ഗ്രേഡ് ലഭിച്ചിരിക്കണം. പട്ടികജാതിയിലെ ദുർബല വിഭാഗങ്ങളായ വേടൻ, നായാടി, കള്ളാടി, അരുന്ധതിയാർ/ ചക്ലിയർ സമുദായങ്ങളിലെ വിദ്യാർഥികൾക്ക് B ഗ്രേഡ് വരെയുള്ളവർക്കും അപേക്ഷിക്കാം. അപേക്ഷകർ 4, 7 ക്ലാസുകളിൽ സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ പഠിച്ചവരും സ്കീം കാലയളവിൽ സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ പഠനം തുടരുന്നവരുമായിരിക്കണം. അപേക്ഷകരുടെ കുടുംബ വാർഷിക വരുമാന പരിധി 1 ലക്ഷം രൂപയിൽ കവിയാൻ പാടില്ല.

(2) അവസാന തീയതി വരെ ലഭിക്കുന്നതിൽ <u>അർഹതയുള്ള എല്ലാ അപേക്ഷകളും</u> ഈ ഉത്തരവിന്റെ ഖണ്ഡിക D യിൽ പരാമർശിക്കുന്ന സമയക്രമത്തിനു വിധേയമായി സൈറ്റിൽ എൻട്രി വരുത്തേണ്ടതാണ്.

(3) എൻട്രി വരുത്തുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഇ-ഗ്രാന്റ്സ് പോർട്ടൽ മുഖേന അപേക്ഷകരുടെ താൽക്കാലിക മുൻഗണനാ സ്കോർ ഉടൻ തന്നെ നിശ്ചയിക്കപ്പെടുന്നതാണ്. ഇതിനു ശേഷം നടത്തുന്ന ടാലന്റ്

സെർച്ച് പരീക്ഷക്ക് ലഭിക്കുന്ന മാർക്ക് കൂടി അതാത് വിദ്യാർഥികൾക്ക് എന്റർ ചെയ്യുന്ന മുറക്ക് അപേക്ഷകരുടെ അന്തിമ മുൻഗണനാ സ്കോർ തീരുമാനിക്കപ്പെടും. ഇപ്രകാരം ലഭിക്കുന്ന മുൻഗണനാ പട്ടിക പ്രകാരം ജില്ലാ തല ടാർഗറ്റിന്റെ അടിസ്ഥാനത്തിൽ ഡയറക്ടറേറ്റ് തലത്തിൽ സെലക്ഷൻ പ്രക്രിയ നടത്തുന്നതും തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികളുടെ ഡേറ്റ ബന്ധപ്പെട്ട പട്ടികജാതി വികസന ഓഫീസർമാരുടെ ലോഗിനിൽ തുടർ നടപടികൾക്കായി ലഭ്യമാക്കുന്നതുമാണ്.

(4) പദ്ധതി പ്രകാരമുള്ള സെലക്ഷൻ ഓൺലൈനായിട്ടാണ് നടത്തുന്നതെന്നതിനാൽ പദ്ധതിയുടെ വിവിധ ഘടകങ്ങൾക്ക് ആധാരമായ രേഖകൾ സൂക്ഷ്മമായി പരിശോധിച്ച് മാത്രം അപേക്ഷകൾ സൈറ്റിൽ എൻട്രി ചെയ്യേണ്ടതാണ്. ജാതി, വരുമാനം, മറ്റ ഘടകങ്ങൾ എന്നിവയിൽ തെറ്റായി വിവരങ്ങൾ രേഖപ്പെടുത്തുന്നത് കാരണമായി അനർഹർക്ക് ആനുകൂല്യം ലഭിക്കുന്ന സാഹചര്യമുണ്ടാകുന്ന പക്ഷം ആയതിന്റെ ഉത്തരവാദിത്തം ബന്ധപ്പെട്ട SCDO മാരിൽ നിക്ഷിപ്തമാക്കുന്നതാണ്.

(5) ഈ ഉത്തരവ് ഖണ്ഡിക D പ്രകാരം നിർണിതമായ സമയപരിധിക്കുള്ളിൽ ഇ-ഗ്രാന്റ്സ് ലോഗിനിൽ ലഭ്യമാകുന്ന ഡേറ്റ പ്രകാരം അതാത് SCDO മാർക്ക് പദ്ധതി പ്രകാരം വിതരണം ചെയ്യുന്നതിനാവശ്യമായ തുക ജില്ലാ പട്ടികജാതി വികസന ഓഫീസർമാർ മുഖേന അലോട്ട് ചെയ്യുന്നതാണ്. അപേക്ഷ സ്വീകരണത്തിനു ശേഷമുള്ള എല്ലാ നടപടികളും ഓൺലൈനായതിനാൽ സൈറ്റിൽ ലഭ്യമാകുന്ന വിവരങ്ങൾ പ്രകാരം മാത്രമേ തുക ലഭിക്കുകയുള്ളൂ. അതിനു പുറമേയുള്ള ഒരു അപേക്ഷകളും സ്വീകരിക്കുന്നതല്ല.

(6) കലാകായിക മത്സരങ്ങളുടെ വിവരങ്ങൾ സൈറ്റിൽ രേഖപ്പെടുത്തുമ്പോൾ സർട്ടിഫിക്കറ്റുകൾക്ക് ചുവടെ പറയുന്ന മാനദണ്ഡങ്ങൾ സ്വീകരിക്കേണ്ടതാണ്.

(6)(1) സ്കൂൾ തലത്തിലുള്ള / സ്കൂളിന്റെ അംഗീകാരമുള്ള കലാ കായിക മത്സരങ്ങൾ, ശാസ്ത്രമേള, ഗണിതമേള, പ്രശ്നോത്തരി തുടങ്ങിയവ പരിഗണിക്കാം

(6)(2) വ്യക്തിഗതമോ ഗ്രൂപ്പടിസ്ഥാനത്തിലോ ആയ സർട്ടിഫിക്കറ്റുകൾ പരിഗണിക്കാം

D. പദ്ധതി നടത്തിപ്പിന്റെ സമയക്രമം

| | |
|---|---|
| റിന്യൂവൽ ഡേറ്റാ എൻട്രി | 2024 നവംബർ 8 |
| ഫ്രഷ് അപേക്ഷ ഹാർഡ് കോപ്പി സ്വീകരിക്കുന്നതിന് | 2024 നവംബർ 15 |
| ഫ്രഷ് അപേക്ഷ ഡേറ്റാ എൻട്രി | 2024 നവംബർ 20 |
| ടാലന്റ് സെർച്ച് പരീക്ഷ | 2024 നവംബർ 30 നകം |
| ഫൈനൽ ഡേറ്റാ എൻട്രി | 2024 ഡിസംബർ 10 |
| സെലക്ഷൻ ലിസ്റ്റ് പ്രസിദ്ധീകരണം | 2024 ഡിസംബർ 15 |
| തുക വിതരണം | 2024 ഡിസംബർ 31 നകം |

അവസാന തീയതിക്കു ശേഷം ലഭിക്കുന്ന അപേക്ഷകൾ സ്വീകരിക്കുവാൻ പാടില്ല. നിശ്ചിത സമയപരിധിക്കു ശേഷം ബന്ധപ്പെട്ട ഓപ്ഷനുകൾ സൈറ്റിൽ മറ്റൊരു അറിയിപ്പ് കൂടാതെ ക്ലോസ് ചെയ്യുമെന്നതിനാൽ സമയക്രമം കൃത്യമായി പാലിക്കേണ്ടതാണ്.

E. സ്കോളർഷിപ്പ് ഘടകങ്ങൾ/ തുക

(1) ഓരോ വിഭാഗത്തിലും ചുവടെ പറയും പ്രകാരമായിരിക്കും ആനുകൂല്യങ്ങൾ നൽകുന്നത്

| | CATEGORY-I (UP) | CATEGORY-II (HS) |
|---|---|---|
| സ്റ്റൈപ്പന്റ് | 1000/- | 1000/- |
| സ്പെഷ്യൽ ട്യൂഷൻ (ആവശ്യമുള്ള 3 വിഷയങ്ങൾക്ക്) | 3500/- | 4000/- |
| പാഠ്യ/ പാഠ്യേതരമായ വൈജ്ഞാനിക സാഹിത്യ പുസ്തകങ്ങൾ/ ആനുകാലികങ്ങൾ വാങ്ങുന്നതിന് | 500/- | 500/- |
| ആകെ | 5000/- | 5500/- |

(2) ഓരോ വർഷത്തെയും ആകെ സ്കോളർഷിപ്പ് തുക ഒറ്റത്തവണയായി അനുവദിച്ചു നൽകുന്നതാണ്. ട്യൂഷൻ എടുത്തതായി ബന്ധപ്പെട്ട സ്ഥാപനത്തിൽ / വ്യക്തിയിൽ നിന്നുള്ള ബില്ല്/ രസീത് എന്നിവ അടുത്ത വർഷത്തെ റിന്യൂവൽ സമയത്ത് വിദ്യാർഥിയിൽ നിന്നും ലഭ്യമാക്കി സൂക്ഷിക്കേണ്ടതാണ്. മറ്റു വിനിയോഗ വിവരങ്ങൾ ഒന്നും വാങ്ങേണ്ടതില്ല. സ്കീമിലെ അവസാന വർഷത്തെ ബില്ല്/ രസീത് എന്നിവയും വാങ്ങേണ്ടതില്ല

E(1) അധിക ആനുകൂല്യങ്ങൾ

(1) വാർഷിക വരുമാനം 30,000/- രൂപയിൽ കുറവുള്ള പട്ടികജാതി വിദ്യാർഥികൾക്ക് പഠനാവശ്യത്തിനായി മേശയും കസേരയും വാങ്ങുന്നതിന് ദ്ധതിയുടെ ആദ്യവർഷം ഒറ്റത്തവണ സഹായമായി രൂ.3,000/- അനുവദിക്കുന്നതാണ്.

(2) ഗുണഭോക്താവായ വിദ്യാർഥിക്ക് പഠിക്കുന്നതിനാവശ്യമായ മേശ, കസേര എന്നിവ ലഭ്യമല്ലെന്ന് SCDO പരിശോധിച്ച് ബോധ്യപ്പെട്ടതിനു ശേഷം തുക മുൻകൂർ ആയി അനുവദിക്കാം. ഇ-ഗ്രാന്റ്സ് സൈറ്റിൽ ബിൽ ജനറേറ്റ് ചെയ്യുന്നതിനു മുമ്പായി ഇക്കാര്യം പരിശോധിച്ച് ഉറപ്പു വരുത്തുക.

(3) ഗുണഭോക്താവായ വിദ്യാർഥിക്ക് വകുപ്പിന്റെയോ തദ്ദേശ സ്ഥാപനങ്ങളുടെയോ പദ്ധതി പ്രകാരം മേശയും കസേരയും ലഭിച്ചിട്ടുണ്ടെങ്കിൽ തുക അനുവദിക്കുന്നതല്ല. എന്നാൽ മേൽ പ്രകാരം തുക അനുവദിച്ചിട്ടുള്ളത് വീട്ടിലെ മറ്റു വിദ്യാർഥികളുടെ പേരിലാണെങ്കിൽ ഗുണഭോക്താവായ വിദ്യാർഥിക്ക് ഖണ്ഡിക E(1) (2) ലെ നിബന്ധനക്കു വിധേയമായി തുക അനുവദിക്കാം.

(4) തുക അനുവദിക്കുന്ന പക്ഷം മേശയും കസേരയും വാങ്ങിയിട്ടുണ്ടെന്ന് SCDO പരിശോധിച്ച് ബോധ്യപ്പെടുകയും അടുത്ത വർഷം റിന്യൂവലിനു മുമ്പായി ബില്ലുകൾ ലഭ്യമാക്കി സൂക്ഷിക്കുകയും ചെയ്യണം.

F. അവലോകന യോഗം/ സെമിനാറുകൾ

(1) 2024-25 വർഷം പദ്ധതി പ്രകാരം തെരഞ്ഞെടുക്കപ്പെടുന്ന വിദ്യാർഥികളെയും പദ്ധതിയിൽ തുടരുന്ന വിദ്യാർഥികളെയും രക്ഷകർത്താക്കളെയും ഉൾപ്പെടുത്തി ജില്ലാ തലത്തിൽ സംഗമം സംഘടിപ്പിക്കേണ്ടതാണ്. ഇതിന്റെ നടത്തിപ്പു ചുമതല ജില്ലാ പട്ടികജാതി വികസന ഓഫീസർമാർക്ക് ആയിരിക്കും.

(2) 2024-25 വർഷം പദ്ധതി പ്രകാരം തെരഞ്ഞെടുക്കപ്പെടുന്ന വിദ്യാർഥികളെയും പദ്ധതിയിൽ തുടരുന്ന

വിദ്യാർഥികളെയും രക്ഷകർത്താക്കളെയും ഉൾപ്പെടുത്തി പ്രഥമാധ്യാപകരുടെ സാന്നിദ്ധ്യത്തിൽ എല്ലാ SCDO തലത്തിലും അവലോകന യോഗങ്ങൾ നടത്തേണ്ടതാണ്.

(3) ജില്ലാ തല സംഗമങ്ങൾ, SCDO തല അവലോകന യോഗങ്ങൾ എന്നിവ സംബന്ധിച്ച് പ്രത്യേക നിർദേശങ്ങൾ പുറപ്പെടുവിക്കുന്നതാണ്.

G. പ്രചാരണം

പദ്ധതി സംബന്ധിച്ച് എല്ലാ സർക്കാർ/ എയ്ഡഡ് സ്കൂളുകളിലും പ്രൊമോട്ടർമാർ മുഖേന ഉചിതമായ രീതിയിൽ അറിയിപ്പ് നൽകുന്നതിനും എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളിലും നോട്ടീസ് ബോർഡിൽ പദ്ധതിയുടെ അറിയിപ്പ് പ്രദർശിപ്പിക്കുന്നതിന് തദ്ദേശ സ്ഥാപന സെക്രട്ടറിമാർക്ക് കത്ത് നൽകുന്നതിനും SCDO തലത്തിൽ നടപടി സ്വീകരിക്കേണ്ടതാണ്. ജില്ലാ തലത്തിൽ പത്രക്കുറിപ്പ് നൽകുന്നതിനും മറ്റു പ്രചരണ പരിപാടികൾ നടത്തുന്നതിനും ജില്ലാ പട്ടികജാതി വികസന ഓഫീസർമാർ നടപടി സ്വീകരിക്കേണ്ടതുമാണ്

*digitally approved by*
**SREEDHANYA SURESH IAS**
**DIRECTOR**

---

*Forwarded/ By Order*

**Signed by Kavitha P V**
**Date: 11-11-2024 11:26:42**

*Superintendent*

---

എല്ലാ ജില്ലാ പട്ടികജാതി വികസന ഓഫീസർമാർക്കും

പകർപ്പ്:-
1) അക്കൗണ്ടന്റ് ജനറൽ കേരള തിരുവനന്തപുരം
2) പ്ലാനിങ് & മോണിറ്ററിംഗ് സെക്ഷൻ
3) സ്റ്റോക്ക് ഫയൽ / സ്പെയർ